# വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)

## കർമക്രമം

(വിശുദ്ധ കുർബാനയോടുകൂടിയാണ് ഈ ശുശ്രൂഷ നടത്തു ന്നതെങ്കിൽ, കുർബാനക്രമത്തിലേതുപോലെ ആരംഭിക്കുന്നു.)

**കാർമി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സ്വർഗസ്ഥിതനാം താതാ, നിൻ**
**സ്തുതിതൻ നിസ്തുല മഹിമാവാൽ**
**ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ**
**പാവനമായി വിളങ്ങുന്നു.**

**വാനവ മാനവ വൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

(അല്ലെങ്കിൽ)

**കാർമി.** **സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
(സമൂഹവും ചേർന്ന്)
**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ മഹത്ത്വത്താൽ**
**സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**മാലാഖമാരും മനുഷ്യരും**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ**
**എന്ന് ഉദ്ഘോഷിക്കുന്നു.**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങയുടെ തിരുമനസ്സു**
**സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.**

**ഞങ്ങൾക്ക് ആവശ്യകമായ ആഹാരം**
**ഇന്നു ഞങ്ങൾക്കു തരണമേ.**
**ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ**
**ഞങ്ങളുടെ കടങ്ങളും പാപങ്ങളും**
**ഞങ്ങളോടും ക്ഷമിക്കണമേ.**
**ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.**
**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.**

**എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും**
**എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.**

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ സന്നിധിയിൽ നില്ക്കുന്ന പാപികളായ ഞങ്ങളെ ദയാപൂർവം തൃക്കൺപാർക്കണമേ. വിനീതഹൃദയനായ ചുങ്കക്കാരനെപ്പോലെ അങ്ങയുടെ അനുഗ്രഹത്തിനു ഞങ്ങൾ കാത്തുനില്ക്കുന്നു. ഇന്ന് ഞങ്ങൾ ആരംഭിക്കുന്ന നോമ്പ്, അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ജീവിതനവീകരണത്തിലേക്കും ഞങ്ങളെ നയിക്കട്ടെ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങളുടെ പാപങ്ങൾ പശ്ചാത്താപത്തിന്റെ കണ്ണുനീരാൽ കഴുകിക്കളയാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കാനും സഹായിക്കണമേ.

(വിശുദ്ധ കുർബാനയോടുകൂടെയാണെങ്കിൽ കൂട്ടിച്ചേർക്കുന്നു)

മിശിഹായോടു ചേർന്ന് എളിമയോടും ഹൃദയവിശുദ്ധിയോടുംകൂടെ പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലിയർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.

(തുടരുന്നു)

സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

# സങ്കീർത്തനമാല

## സങ്കീർത്തനം 15

**കാർമി.** കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

**സമൂ.** (കാനോന) കർത്താവേ, അങ്ങയുടെ വഴികൾ അന്വേഷിക്കാനും
തിരുവചനത്താൽ നയിക്കപ്പെടാനും കൃപയുണ്ടാകണമേ.
അങ്ങയുടെ ഹിതം മനസ്സിലാക്കാൻ
ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യണമേ.

(സമൂഹം രണ്ടുഗണമായി തുടരുന്നു)

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും
ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും.

കൂട്ടുകാരനോടു തിന്മ ചെയ്യാത്തവനും
അയല്ക്കാരനെതിരായി കൈക്കൂലി വാങ്ങാത്തവനും.

കോപിപ്പിക്കുന്നവനെ അവഗണിക്കുന്നവനും
കർത്താവിനെ ഭയപ്പെടുന്നവരെ മാനിക്കുന്നവനും.

സത്യപ്രതിജ്ഞ ലംഘിക്കാത്തവനും
പണം പലിശയ്ക്കു കൊടുക്കാത്തവനും
നിർദോഷിക്കെതിരേ കൈക്കൂലി വാങ്ങാത്തവനും.

ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു;
അവൻ ഒരിക്കലും ഇളകുകയില്ല.

## സങ്കീർത്തനം 16

ദൈവമേ, എന്നെ കാത്തുകൊള്ളണമേ;
എന്തുകൊണ്ടെന്നാൽ, ഞാൻ അങ്ങിൽ ആശ്രയിച്ചിരിക്കുന്നു.

അങ്ങാണ് എന്റെ നാഥനെന്നും
എന്റെ നന്മ അങ്ങിൽനിന്നാണെന്നും
കർത്താവിനോടു ഞാൻ പറഞ്ഞു.

ഭൂമിയിലുള്ള പരിശുദ്ധരും ശ്രേഷ്ഠരും
എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരാണെന്നും ഞാൻ പറഞ്ഞു.

അന്യദേവന്മാർക്കു ഞാൻ രക്തബലി അർപ്പിക്കയില്ല;
അവരുടെ നാമം ഞാൻ ഉരുവിടുകയുമില്ല.

എന്റെ അവകാശവും പാനപാത്രവും കർത്താവാകുന്നു;
എന്റെ ഓഹരി എനിക്കു വേർതിരിച്ചു തരുന്നത് അങ്ങാകുന്നു.

നല്ല സ്ഥലത്താണ് എനിക്ക് അളവുചങ്ങല വീണത്;
എന്റെ അവകാശം എനിക്ക് ഇഷ്ടമായി.

എനിക്ക് ഉപദേശം നല്കിയ കർത്താവിനെ ഞാൻ വാഴ്ത്തും;
രാത്രിയാമങ്ങളിലും എന്റെ അന്തരംഗം എന്നെ പഠിപ്പിച്ചു.

കർത്താവിനെ ഞാൻ സദാ കൺമുമ്പിൽ ദർശിച്ചു;
ഞാൻ ഇളകാതിരിക്കാൻ അവിടന്ന് എന്റെ വലത്തുഭാഗത്തുണ്ട്.

അതിനാൽ എന്റെ ഹൃദയം സന്തോഷിക്കുന്നു;
മനസ്സ് ആനന്ദിക്കുന്നു; ശരീരം ശാന്തി അനുഭവിക്കുന്നു.

അങ്ങ് എന്നെ ശീയോലിൽ ഉപേക്ഷിച്ചില്ല;
അങ്ങയുടെ പരിശുദ്ധനെ ജീർണിക്കാൻ അനുവദിച്ചില്ല;
ജീവന്റെ മാർഗം അങ്ങ് എന്നെ കാണിക്കും.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** (കാനോന) കർത്താവ് എന്റെ ഓഹരിയും പാനപാത്രവുമാകുന്നു;
അവിടന്ന് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്;
എന്റെ ഭാഗധേയം അവിടത്തെ കരങ്ങളിലാകുന്നു;
അവിടന്ന് എനിക്കു ജീവന്റെ മാർഗം കാണിച്ചുതരുന്നു.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നുപ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

**സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

ഗായക. സമൂ. **സർവാധിപനാം കർത്താവേ,**
**നിൻ സ്തുതി ഞങ്ങൾ പാടുന്നു**
**ഈശോ നാഥാ, വിനയമൊടെ**
**നിന്നെ നമിച്ചു പുകഴ്ത്തുന്നു.**

**മർത്ത്യനു നിത്യമഹോന്നതമാം**
**ഉത്ഥാനം നീയരുളുന്നു**
**അക്ഷയമവനുടെയാത്മാവി-**
**ന്നുത്തമരക്ഷയുമേകുന്നു.**

വചന വേദിയിലുള്ളവർ **കർത്താവേ, ഞാൻ കൈകൾ കഴുകി നിർമലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.**

**സർവാധിപനാം ...**

ഗായക. സമൂ. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേക്കും, ആമ്മേൻ.**

**സർവാധിപനാം ...**

(അല്ലെങ്കിൽ)

ഗായക. സമൂ. **സകലത്തിന്റെയും നാഥാ,**
**നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;**
**ഈശോമിശിഹായേ,**
**നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.**
**എന്തുകൊണ്ടെന്നാൽ,**
**നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും**
**ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.**

**വചന വേദിയി ലുള്ളവർ** കർത്താവേ, ഞാൻ കൈകൾ കഴുകി നിർമലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.

സകലത്തിന്റെയും നാഥാ, ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

**ഗായക. സമൂ.** പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

**വചന വേദിയി ലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

**ഗായക. സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**ഗായക. സമൂ.** പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**വചന വേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിശുദ്ധനായ ദൈവമേ, ...

**ഗായക സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിശുദ്ധനായ ദൈവമേ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

ഉത്പത്തി പുസ്തകത്തിൽനിന്നുള്ള വായന. (3, 1-19)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** ദൈവമായ കർത്താവു സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വച്ച് കൗശലമേറിയതായിരുന്നു സർപ്പം. അതു സ്ത്രീയോടു ചോദിച്ചു: 'തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്നു ദൈവം കല്പിച്ചിട്ടുണ്ടോ?' സ്ത്രീ സർപ്പത്തോടു പറഞ്ഞു: 'തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്; ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്.' സർപ്പം സ്ത്രീയോടു പറഞ്ഞു: 'നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നൻമയും തിൻമയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം.' ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും, അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നു കണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി.

വെയിലാറിയപ്പോൾ ദൈവമായ കർത്താവു തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. അവിടന്നു പുരുഷനെ വിളിച്ചു ചോദിച്ചു: 'നീ എവിടെയാണ്?' അവൻ മറുപടി പറഞ്ഞു: 'തോട്ടത്തിൽ അവിടത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ടു ഭയന്ന് ഒളിച്ചതാണ്.' അവിടന്നു ചോദിച്ചു: 'നീ നഗ്നനാണെന്നു നിന്നോടാരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ കൽപിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?' അവൻ പറഞ്ഞു: 'അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു; ഞാൻ അതു തിന്നു.' ദൈവമായ കർത്താവ് സ്ത്രീയോടു ചോദിച്ചു: 'നീ എന്താണ് ഈ ചെയ്തത്?' അവൾ പറഞ്ഞു: 'സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു.'

ദൈവമായ കർത്താവ് സർപ്പത്തോടു പറഞ്ഞു: 'ഇതു ചെയ്തതുകൊണ്ട് നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയുമിടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ

**നീ പൊടി തിന്നും. നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേല്പ്പിക്കും.'**

**അവിടന്നു സ്ത്രീയോടു പറഞ്ഞു: 'നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും, നിനക്കു ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും.'**

**അവിടന്ന് ആദത്തോടു പറഞ്ഞു: 'തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ടു നീ തിന്നതുകൊണ്ട് നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠിനാധ്വാനംകൊണ്ട് നീ അതിൽനിന്നു കാലയാപനം ചെയ്യും. അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും. മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും.'**

## രണ്ടാം വായന

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. യോനായുടെ പുസ്തകത്തിൽനിന്നുള്ള വായന. (3, 1–10)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** യോനായ്ക്കു വീണ്ടും കർത്താവിന്റെ അരുളപ്പാടുണ്ടായി: 'എഴുന്നേറ്റ് മഹാനഗരമായ നിനെവേയിലേക്കു പോവുക. ഞാൻ നല്കുന്ന സന്ദേശം നീ അവിടെ പ്രഘോഷിക്കുക.' കർത്താവിന്റെ കല്പന അനുസരിച്ച് യോനാ എഴുന്നേറ്റ് നിനെവേയിലേക്കുപോയി. അതു വളരെ വലിയൊരു നഗരമായിരുന്നു. അതു കടക്കാൻ മൂന്നു ദിവസത്തെ യാത്ര വേണ്ടിയിരുന്നു. യോനാ, നഗരത്തിൽ കടന്ന് ഒരു ദിവസത്തെ വഴി നടന്നു. അനന്തരം, അവൻ വിളിച്ചുപറഞ്ഞു: 'നാല്പതു ദിവസം കഴിയുമ്പോൾ നിനെവേ നശിപ്പിക്കപ്പെടും.'

നിനെവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയവരും ചെറിയവരും ഒന്നുപോലെ ചാക്കുടുത്തു. ഈ വാർത്ത നിനെവേ രാജാവു കേട്ടു. അവൻ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് രാജകീയ വസ്ത്രം മാറ്റി ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. അവൻ നിനെവേ മുഴുവൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. രാജാവിന്റെയും അവന്റെ പ്രഭുക്കന്മാരുടെയും കല്പനയാണിത്: 'മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഭക്ഷിക്കരുത്. അവ മേയുകയോ വെള്ളം കുടിക്കുകയോ അരുത്. മനുഷ്യനും മൃഗവും ചാക്കുവസ്ത്രം ധരിച്ച്, ദൈവത്തോട് ഉച്ചത്തിൽ വിളിച്ചപേക്ഷിക്കട്ടെ! ഓരോരുത്തരും തങ്ങളുടെ ദുർമാർഗത്തിൽനിന്നും അക്രമങ്ങളിൽനിന്നും പിൻതിരിയട്ടെ! ദൈവം മനസ്സുമാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം.'

തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നുകണ്ട് ദൈവം മനസ്സുമാറ്റി; അവരുടെമേൽ അയയ്ക്കുമെന്നുപറഞ്ഞ തിൻമ അയച്ചില്ല.

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

**കാർമി.** സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

**ദിവ്യാത്മാവിൻ ഗീതികളാൽ**
**ഹല്ലേലുയ്യാ ഗീതികളാൽ**
**കർത്താവിന്നുപവാസത്തിൻ**
**നിർമലമാകുമനുസ്മരണം**
**കൊണ്ടാടാം ഇന്നീ വേദികയിൽ.**

**ശുശ്രൂ.II** **ജനതകളവിടത്തെ**
**മഹിമകൾ പാടുന്നു**
**താണുവണങ്ങുന്നു.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**കാർമി.** **നിത്യപിതാവിനും**
**സുതനും റൂഹായ്ക്കും**
**സ്തുതിയുണ്ടാകട്ടെ.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**ശുശ്രൂ.I** **ആദിയിലെപ്പോലെ**
**ഇപ്പൊഴുമെപ്പോഴും**
**എന്നേക്കും, ആമ്മേൻ.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**ശുശ്രൂ.** **ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**
**നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (12, 1–15)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും. എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ പ്രേരിതനായി നിങ്ങളോടു ഞാൻ പറയുന്നു: ഉള്ളതിലധികം മേൻമ ആരും ഭാവിക്കരുത്; മറിച്ച്, ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്ന വിശ്വാസത്തിന്റെ അളവനുസരിച്ചു വിവേകപൂർവം ചിന്തിക്കുവിൻ.**

**നമുക്ക് ഒരു ശരീരത്തിൽ അനേകം അവയവങ്ങൾ ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും ഒരേ ധർമമല്ല. അതുപോലെ, നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്. നമുക്കു ലഭിച്ചിരിക്കുന്ന കൃപയനുസരിച്ചു നമുക്കുള്ള ദാനങ്ങളും വ്യത്യസ്തങ്ങളാണ്. പ്രവചനവരം വിശ്വാസത്തിനു ചേർന്നവിധം പ്രവചിക്കുന്നതിലും, ശുശ്രൂഷാവരം ശുശ്രൂഷാനിർവഹണത്തിലും, അധ്യാപനവരം അധ്യാപനത്തിലും, ഉപദേശവരം ഉപദേശത്തിലും നമുക്ക് ഉപയോഗിക്കാം. ദാനംചെയ്യുന്നവൻ ഔദാര്യത്തോടെയും, നേതൃത്വം നല്കുന്നവൻ തീക്ഷ്ണതയോടെയും, കരുണ കാണിക്കുന്നവൻ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ.**

നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിൻമയെ ദ്വേഷിക്കുവിൻ; നൻമയെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനില്ക്കുവിൻ. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ. വിശുദ്ധരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവിൻ; അതിഥിസത്കാരത്തിൽ തല്പരരാകുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടെ കരയുവിൻ.

(അല്ലെങ്കിൽ)

**1 യോഹന്നാൻ 3, 1–10**

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ഗായക. സമൂ.** ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

ആശ്രയമരുളും കർത്താവിങ്കൽ
ശരണമണയ്ക്കുക, ജീവിതഭാഗ്യം.

നാഥനു സമനായാരുണ്ടോർത്താൽ
വിണ്ണിലുമതുപോലീ ധരമേലും?

ദൈവികനന്മകൾ കീർത്തിച്ചീടാൻ
നാവിനു തെല്ലും കഴിവില്ലല്ലോ.

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**
**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**
**ഹല്ലേലുയ്യാ പാടീടുന്നേൻ**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷ ഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷ ഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

**കാർമി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

**കാർമി.** വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. (5, 1-12)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** ജനക്കൂട്ടത്തെക്കണ്ടപ്പോൾ ഈശോ മലയിലേക്കു കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി:

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.

(അല്ലെങ്കിൽ)

**മത്തായി 5, 17-26 (5, 17-37)**

(അല്ലെങ്കിൽ)

**മത്തായി 21, 28-32**

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

വചനസന്ദേശത്തിനുശേഷം കാർമികൻ ഭസ്മം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിനു സമീപം ചെന്നു നില്ക്കുന്നു. അപ്പോൾ സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

## അനുതാപഗീതം

കണ്ണീരാരുതരും
പശ്ചാത്താപത്തിൽ
പാപം കഴുകീടാൻ
കണ്ണീരാരുതരും?

നിൻ തിരുകല്പന വിട്ടുലകിൻ
മറിമായങ്ങളിൽ മുഴുകീ ഞാൻ
പാഴായ്പ്പോയൊരു ദിനമെല്ലാം
ഓർത്തോർത്തുരുകി കരയാനായ്
താപത്തിൻ കണ്ണീരാരുതരും?
താപത്തിൻ കണ്ണീരാരുതരും?

വൈരിയെനിക്കെതിരായ്
വലകൾ വിരിച്ചവയിൽ
വീണുകുഴങ്ങീ ഞാൻ
വീണുകുഴങ്ങീ ഞാൻ.

വലകൾ തകർത്തെൻ നാഥാ, നീ
രക്ഷയെനിക്കു കനിഞ്ഞരുളി
പാവനമാം തവ കല്പനകൾ
ലംഘിക്കുകയാൽ ദുർബലനായ്
വീണ്ടും ഞാൻ വലയിൽ വീണല്ലോ
വീണ്ടും ഞാൻ വലയിൽ വീണല്ലോ.

കണ്ണീരാരുതരും ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** പശ്ചാത്തപിക്കുന്ന പാപികൾക്ക് വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനായ കർത്താവേ, നിന്റെ കൃപയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ. മാമോദീസാവഴി ഞങ്ങളെ വിശുദ്ധീകരിച്ച് മുദ്രിതരാക്കിയതിന് ഞങ്ങൾ നന്ദിപറയുന്നു. ലോകത്തിനു മരിച്ച്, നിനക്കായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. അനുതാപത്തിന്റെ വസ്ത്രം ധരിച്ചും ശിരസ്സിൽ ചാരം പൂശിയും അനുതാപം പ്രകടിപ്പിച്ച നിനിവേക്കാരെ ജീവന്റെ വഴിയിലേക്കു നയിച്ച കർത്താവേ, ഈ നോമ്പുകാലം ഞങ്ങൾക്ക് മാനസാന്തരത്തിന്റെയും ജീവിതനവീകരണത്തിന്റെയും അവസരമായിത്തീരട്ടെ. ഞങ്ങൾ മണ്ണാകുന്നുവെന്നും മണ്ണിലേക്കുതന്നെ മടങ്ങുമെന്നും ഞങ്ങളറിയുന്നു. പാപങ്ങൾ പൊറുത്ത് ഞങ്ങളെ അനുഗ്രഹിക്കുകയും പശ്ചാത്താപത്തിന്റെ ബാഹ്യചിഹ്നമായി ഞങ്ങൾ പൂശാൻ പോകുന്ന ഈ ഭസ്മം ആശീർവദിക്കുകയും ✠ (ഭസ്മം ആശീർവദിക്കുന്നു) വിശുദ്ധീകരിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

കാർമികൻ ഭസ്മത്തിന്മേൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. അനന്തരം സ്വന്തം നെറ്റിയിന്മേലും ജനങ്ങളുടെ നെറ്റിയിന്മേലും ഭസ്മം പൂശുന്നു. (ഒന്നിലധികം വൈദികരുണ്ടെങ്കിൽ, അവരിലൊരാൾ പ്രധാന കാർമികന്റെ നെറ്റിയിൽ ഭസ്മം പൂശുന്നു.) സമൂഹം താഴെക്കൊടുത്തിരിക്കുന്ന ഗീതം പാടുന്നു. ആവശ്യമെങ്കിൽ ആവർത്തിക്കുന്നു.

## ഗീതം

**മനുഷ്യാ, നീ മണ്ണാകുന്നു**
**മണ്ണിലേക്കു മടങ്ങും നൂനം**
**അനുതാപക്കണ്ണുനീർ വീഴ്ത്തി - പാപ-**
**പരിഹാരം ചെയ്തുകൊൾക നീ. മനുഷ്യാ, നീ ...**

**ഫലം നല്കാതുയർന്നുനില്ക്കും - വൃക്ഷ-**
**നിരയെല്ലാമരിഞ്ഞുവീഴ്ത്തും.**
**എരിതീയിലെരിഞ്ഞുവീഴും - നീറി**
**നിറംമാറി ചാമ്പലായ്ത്തീരും. മനുഷ്യാ, നീ ...**

**ദൈവപുത്രൻ വരുന്നൂഴിയിൽ - ധാന്യ-**
**ക്കളമെല്ലാം ശുചിയാക്കുവാൻ**
**നെന്മണികൾ സംഭരിക്കുന്നു - കെട്ട**
**പതിരെല്ലാം ചുട്ടെരിക്കുന്നു. മനുഷ്യാ, നീ ...**

**ആയിരങ്ങൾ വീണുതാഴുന്നു - മർത്ത്യ**
**മാനസങ്ങൾ വെന്തുനീറുന്നു.**
**നിത്യജീവൻ നല്കിടും നീർച്ചാൽ - വിട്ടു**
**മരുഭൂവിൽ ജലം തേടുന്നു. മനുഷ്യാ, നീ ...**

**സ്വർഗരാജ്യമാർഗമങ്ങോളം - കൂർത്ത**
**മുള്ളുമുറ്റി ഇരുണ്ടു നില്പ്പൂ**
**തീനരകം തീർത്ത മാർഗങ്ങൾ - വീതി**
**നിറഞ്ഞു പൂ ചൊരിഞ്ഞു നില്പ്പൂ. മനുഷ്യാ, നീ ...**

**ശിലോഹായിൽ ഗോപുരം വീണു - കൂടെ**
**നരരേറെ മരിച്ചുവീണു**
**തപം ചെയ്തു വരം നേടായ്കിൽ - നിങ്ങൾ**
**അതുപോലെ തകർന്നുപോകും. മനുഷ്യാ, നീ ...**

ഭസ്മംപൂശൽ കഴിഞ്ഞ് കാർമികൻ കൈ കഴുകി തുടയ്ക്കുന്നു.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

**ശുശ്രൂ.** **നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിന്റെയും ദാതാവുമായ അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** സമസ്ത ലോകത്തിന്റെയും സകല സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില്പിനുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായുടെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാന്റെയും അവരുടെ സഹശുശ്രൂഷികളുടെയും ക്ഷേമത്തിനുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നാല്പതു രാവും നാല്പതു പകലും ഉപവസിച്ച് ഞങ്ങൾക്കു മാതൃക നല്കിയ കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പിതാവിന്റെ ഇഷ്ടം നിറവേറ്റാനും ദൈവരാജ്യം സ്ഥാപിക്കാനുമായി ഭൂമിയിലേക്കു വന്ന കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** വിശക്കുന്നവരുമായി അപ്പം പങ്കിടുന്നതും നഗ്നരെ വസ്ത്രം ധരിപ്പിക്കുന്നതും ഭവനരഹിതർക്കു പാർപ്പിടം നല്കുന്നതും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുന്നതുമാണ് യഥാർഥ ഉപവാസമെന്ന് പ്രവാചകൻവഴി അരുൾച്ചെയ്ത കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ദുഷ്ടതയുടെ കെട്ടുകൾ അഴിക്കുകയും അടിച്ചമർത്തപ്പെട്ടവരെ മോചിപ്പിക്കുകയും ചെയ്യുന്നതാണ് നീ ആഗ്രഹിക്കുന്ന ഉപവാസമെന്ന് പ്രവാചകൻവഴി ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പാപികൾ നശിക്കണമെന്നാഗ്രഹിക്കാതെ അവരെ നേർവഴിക്കു തിരിക്കാൻ ആഗ്രഹിക്കുന്ന കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പശ്ചാത്താപം പ്രകടിപ്പിച്ച കള്ളനു സ്നേഹപൂർവം മാപ്പു നല്കിയ കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പശ്ചാത്തപിക്കുന്ന പാപിയെപ്പറ്റി സ്വർഗത്തിൽ വലിയ സന്തോഷമുണ്ടാകുമെന്ന് അരുൾച്ചെയ്ത കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തതെന്നു ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനം കൊണ്ടുമാണ് ജീവിക്കുന്നതെന്നു പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പ്രകൃതിയെയും ജീവജാലങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുകയും മനുഷ്യനന്മയ്ക്കുവേണ്ടി അവ വിനിയോഗിക്കാൻ ഞങ്ങളെ ഭരമേല്പിക്കുകയും ചെയ്ത കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ദൈവരാജ്യവും അതിന്റെ നീതിയും ആദ്യം അന്വേഷിക്കുവിൻ; അപ്പോൾ മറ്റുള്ളവയെല്ലാം ലഭിക്കുമെന്ന് ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്ത കർത്താവേ, ആത്മപരിത്യാഗത്തിന്റെയും ഹൃദയ പരിവർത്തനത്തിന്റെയും അനുരഞ്ജനത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാൻ ഈ നോമ്പുകാലത്തു ഞങ്ങളെ സഹായിക്കണമേ. നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുന്നവരോടൊപ്പം, തിന്മയ്ക്കെതിരായ പോരാട്ടത്തിൽ ഞങ്ങളും പങ്കുചേരട്ടെ. പ്രാർഥനയും ഉപവാസവും പരസ്നേഹപ്രവർത്തനങ്ങളുംവഴി പാപങ്ങൾക്കു പരിഹാരം ചെയ്യാനും ജീവിതത്തിലെ കുരിശുകൾ സഹിച്ച് സ്വർഗോന്മുഖരായി ജീവിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

(സൂചന: വിശുദ്ധ കുർബാന ഇല്ലെങ്കിൽ, ഇപ്പോൾ സമാപനാശീർവാദം നല്കുന്നു.)

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പു പ്രാർഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണ നിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിലുംനിന്ന് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കണമേ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടും കൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാ സമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** പാപം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ.

**സമൂ.** ദിവ്യരഹസ്യങ്ങൾ
കൈക്കൊള്ളുന്നവരേ,
മിശിഹാതൻ പ്രിയരേ,
തിന്മയിലാത്മശരീരങ്ങൾ
പങ്കിലമാക്കും ജനനിരയിൽ
ചേരുക വഴിയായ് വിശ്വാസം
നിങ്ങൾ കൈവെടിയാതെന്നും
കാത്തിടുവിൻ ഹൃദയം നിർമലമായ്.

**ഗായക.** നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണല്ലോ.

**സമൂ.** ദിവ്യരഹസ്യങ്ങൾ ...

(അല്ലെങ്കിൽ)

**ഗായക.** പാപം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ.

**സമൂ.** മിശിഹായുടെ ശിഷ്യന്മാരേ, അവിടത്തെ ദിവ്യരഹസ്യങ്ങളിൽ ഭാഗഭാക്കാകുന്നവരേ, ആത്മാവിനെയും ശരീരത്തെയും ദുഷിപ്പിക്കുന്നവരും തിന്മ പ്രവർത്തിക്കുന്നവരുമായുള്ള സംസർഗംവഴി നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കാനും നിങ്ങൾ സ്വീകരിച്ച മാമോദീസ വ്യർഥമാകാതിരിക്കാനും ശ്രദ്ധിച്ചുകൊള്ളുവിൻ.

**ഗായക.** നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണല്ലോ.

**സമൂ.** മിശിഹായുടെ ശിഷ്യന്മാരേ, അവിടത്തെ ...

**(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)**

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** ദിവ്യവിരുന്നിനു നമ്മെ വിളിപ്പൂ
രക്ഷകനീശോ കരുണാപൂർവം.

കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ
ത്രിത്വത്തിൻ സ്തുതിഗീതികൾ പാടാം.

(അല്ലെങ്കിൽ)

**സമൂ.** നമ്മുടെ രക്ഷകനായ മിശിഹാ നമുക്കായി ആത്മീയവിരുന്ന് ഒരുക്കിയിരിക്കുന്നു. ഭയഭക്തികളോടും സ്നേഹത്തോടും കൂടെ നമുക്ക് അവിടത്തെ സമീപിക്കാം. അവിടത്തെ ശരീരവും രക്തവും നമുക്കു സ്വീകരിക്കാം. അവിടന്ന് നമ്മിൽ സംപ്രീതനാകട്ടെ. ഹല്ലേലുയ്യാ പാടിക്കൊണ്ട് പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമുക്ക് ആരാധിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** വരുവിൻ, പാപക്കറകൾ കഴുകാം
ഉപവാസത്താൽ ശക്തി വരിക്കാം

ഭയഭക്തിയൊടും സ്നേഹത്തോടും
കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ.

(അല്ലെങ്കിൽ)

**ശുശ്രൂ.** വരുവിൻ, പാപക്കറകൾ കഴുകിക്കളയുന്ന ഉപവാസവും പ്രായശ്ചിത്തവുംവഴി ആത്മീയശക്തി പ്രാപിക്കാം. ഭയഭക്തികളോടും സ്നേഹത്തോടുംകൂടെ അവിടത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, ജീവദായകമായ അങ്ങയുടെ വചനം സ്വീകരിച്ച് പാപബോധത്തിലും പരിഹാര മനോഭാവത്തിലും വളരാനും തിരുശരീരരക്തങ്ങൾ ഉൾക്കൊണ്ട് നിത്യജീവന് അർഹരാകാനും അങ്ങു ഞങ്ങളെ അനുഗ്രഹിച്ചു. അങ്ങയുടെ ഈ ദാനത്തിനു നന്ദി പറയാൻ ഞങ്ങൾ അശക്തരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** പാപങ്ങൾ പൊറുക്കുന്നവനും രോഗങ്ങൾ സുഖപ്പെടുത്തുന്നവനുമായ മിശിഹായേ, പശ്ചാത്താപത്തോടെ നിന്റെ പക്കലണഞ്ഞ് ഈ പരിഹാരബലിയിൽ പങ്കുചേരാൻ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ കാരുണ്യം എന്നും പ്രകീർത്തിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** മാനവരഖിലം ദൈവികമാം
ജീവൻ നിത്യം പുല്കീടാൻ
തനയനെ മന്നിനു നല്കിയൊരാ
ദൈവപിതാവിനെ വാഴ്ത്തീടാം.

മാനവവംശം പൂർണതയിൽ
നിത്യനവീകൃതമായീടാൻ
അനുതാപത്തിൻ സന്ദേശം
നല്കിയ പുത്രനെ വാഴ്ത്തീടാം.

വിണ്ണിൻ രാജ്യം തേടീടാൻ
ദൈവത്തിൻ സ്തുതി പാടീടാൻ
പ്രാർഥനയിൽ, പരസ്നേഹത്തിൽ
വളരാൻ കൃപയവനേകട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും ജീവന്റെ പൂർണത ഉൾക്കൊള്ളണമെന്നും ആഗ്രഹിക്കുന്ന കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഏകജാതനെ ഭൂമിയിലേക്കയച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. അവിടന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശം ഞങ്ങൾക്കു നല്കുകയും ചെയ്തു. സ്വർഗരാജ്യത്തിന്റെ നീതി എപ്പോഴും അന്വേഷിക്കാനും, പ്രത്യേകിച്ച് ഈ നോമ്പുകാലത്ത് പ്രാർഥനയുടെയും പാപപരിഹാരത്തിന്റെയും പരസ്നേഹത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാനും നിങ്ങൾക്കിടയാകട്ടെ. ദൈവത്തിന്റെ ജനമേ, ദൈവവചനത്തിലാശ്രയിച്ച് പ്രലോഭനങ്ങളെ ജയിച്ച് ആത്മീയ സൗഭാഗ്യം അനുഭവിക്കാൻ, കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.